"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിങ് വിഭാഗം- ഇടുക്കി ജില്ല- ഉപ്പുതോട്-കരിക്കിൻമേട് റോഡ് നിർമ്മാണത്തിലെ ക്രമക്കേട്-ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.255/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. 10.7.2018-ലെ പൊതുമരാമത്ത് (എഫ്) വകുപ്പിൽ നിന്നുള്ള പൊ.മ.വ - എഫ്1/193/2018/പൊമവ നമ്പർ കുറിപ്പ്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 31.05.2019,23.10.2020 തീയതികളിലെ ഇ11-8384/18/സിഇ/തസ്വഭവ നം. കത്ത്.
3. 14.05.2021-ലെ 10/EW4/2018/തസ്വഭവ നം. കുറ്റപത്രം.
4. 10.03.2023-ലെ 10/EW4/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ.പി.ബി.പ്രമോദ് സമർപ്പിച്ച 25.04.2024-ലെ മറുപടി.
6. ശ്രീ.ആർ. സോമരാജൻ സമർപ്പിച്ച 07.05.2024-ലെ മറുപടി.
7. GO(Rt) no.1751/2025/LSGD dtd 15.07.25.
8. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2025-ലെ LSGD/PD/34708/2023-VIGB4 നമ്പർ റിപ്പോട്ട്
8. ശ്രീമതി ജയസുധ സമർപ്പിച്ച 18.07.25-ലെ അപേക്ഷ.
9. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച 26.08.2025-ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമ പഞ്ചായത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഉപ്പുതോട് കരിക്കിൻമേട് റോഡ് നിർമ്മാണത്തിൽ ( പെരുമ്പള്ളിപ്പടി- കരിക്കിൻ മേട്-അമ്പലപ്പടി റോഡ്) അഴിമതി നടന്നതായുള്ള പത്രവാർത്തയെത്തുടർന്ന് ബഹു.പൊതുമരാമത്ത് മന്ത്രിയുടെ നിർദ്ദേശപ്രകാരം എൽ.എസ്.ജി.ഡി. ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2014 - 15 വർഷം നബാഡ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിരുന്ന ടി പ്രവൃത്തിയിൽ 1.30 KM നീളത്തിൽ 8 M വീതിയിൽ റോഡ് ഫോർമേഷനും 3 മീറ്റർ പൊക്കത്തിൽ പാറയടുക്കി സൈഡ് വാൾ നിർമ്മാണവുമാണ് എസ്റ്റിമേറ്റ് പ്രകാരം വിഭാവനം ചെയ്തിരുന്നത്. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ, 530 മീറ്റർ നീളത്തിലാണ് റോഡ് ഫോർമേഷൻ നടത്തിയിട്ടുള്ളത്. 1.30 KM നീളത്തിൽ റോഡ് നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമേ ടി റോഡിന് മെയിൻ റോഡുകളുമായുള്ള കണക്ടിവിറ്റി കിട്ടുകയുള്ളൂവെന്നും നിലവിൽ ടി റോഡ് നിർമ്മാണം പൂർണ്ണമായ നീളത്തിൽ പൂർത്തിയാക്കാത്തതിനാൽ രണ്ട് പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന റോഡെന്ന നിലയിലുള്ള പ്രയോജനം ലഭ്യമല്ലാത്തതിനാലും നിലവിൽ മറ്റൊരു സഞ്ചാര സൗകര്യവും ലഭ്യമല്ലാത്ത 4 കുടുംബങ്ങൾക്കുമാത്രമേ ഈ റോഡിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂവെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ഇപ്രകാരം വലിയ പ്രയോജനപ്രദമല്ലാത്ത റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ബി.പ്രമോദ്, ടി എസ്റ്റിമേറ്റിന് അംഗീകാരം നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ആർ.സോമരാജൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘുശിക്ഷയുള്ള 14.05.2021-ലെ പരാമർശം 3 കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചു. എന്നാൽ ശ്രീ.പി.ബി.പ്രമോദ് 30.04.2021-ലും, ശ്രീ.ആർ.സോമരാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ 31.01.22-ലും സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ.പി.ബി.പ്രമോദ് അസി. എഞ്ചിനീയർക്ക് KSRs ഭാഗം III ചട്ടം 59(b) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 100 രൂപ സ്ഥിരമായി കുറവ് ചെയ്യുന്നതിനും, ശ്രീ.ആർ.സോമരാജൻ, അസി.എക്സി. എഞ്ചിനീയർക്കെതിരെ KSR ഭാഗം III ചട്ടം 3(a) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ ഒരു വർഷത്തേക്ക് കുറവ് ചെയ്യുന്നതിനും തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നല്കി.

**കാരണം കാണിക്കൽ നോട്ടീസിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ.ആർ.സോമരാജൻ സമർപ്പിച്ച മറുപടിയിൽ** ടിയാൻ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നത് 05-11-2012 മുതൽ 23-09-2016 വരെയാണെന്നും ടിയാൾ എക്സിക്യൂട്ടീവ് എൻജിനിയറുടെ ചുമതല വഹിച്ചിരുന്ന കാലയളവിൽ ഉപ്പുതോട്-കരിക്കിൻമേട് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയിരുന്നുവെന്നും 1.3 കിലോമീറ്റർ നീളം പൂർത്തിയാകുന്ന മുറയ്ക്ക് രണ്ട് പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സ്ഥലപരിചയവും ദീർഘമായ സേവനപരിചയവും സാങ്കേതിക പ്രാവീണ്യവുമുള്ള അസിസ്റ്റന്റ് എൻജിനീയർ ശ്രീ.പി.ബി.പ്രമോദ് ആണെന്നും അത് വിശദമായി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് ഓരോ ഇനങ്ങളും അനുയോജ്യമാണ് എന്നതിനാലാണ് 35 ലക്ഷം രൂപ മൂല്യമുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയതെന്നും സാങ്കേതിക അനുമതിയും എസ്റ്റിമേറ്റിന് അംഗീകാരവും നല്കിയതിൽ യാതൊരു അപാകതയും എൽ.എസ്.ജി.ഡി. ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ റിപ്പോർട്ടിലോ കാരണം കാണിക്കൽ

നോട്ടീസിലോ രേഖപ്പെടുത്തിയിട്ടില്ലയെന്നും ടി പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് ടിയാൾ വിടുതൽ ചെയ്തുവെന്നും 19-11-2016-ലാണ് എഗ്രിമെന്റ് ഒപ്പുവെച്ച് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റിന് മാറ്റം വരുത്തിയതോ റോഡ് അലൈന്മെന്റ് മാറ്റം വരുത്തിയതോ കൊണ്ടാകാംറോഡ് ഫോർമേഷൻ നടത്തിയത് 530 മീറ്റർ എന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത് എന്നും ആയതിന് ടിയാൾ ഉത്തരവാദിയല്ല എന്നും ടിയാൻ സാങ്കേതിക അനുമതി നൽകിയതനുസരിച്ചുള്ള 1.3 കിലോമീറ്റർ റോഡ് പൂർ ണ്ണമായി നിർമ്മിച്ചിരുന്ന പക്ഷം പരാതിക്കിടവരുമായിരുന്നില്ല എന്നും സാങ്കേതിക അനുമതി നൽകിയ എസ്റ്റിമേറ്റ് പാലിക്കാതെ നടത്തിയ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നല്കിയയാൾ ഉത്തരവാദിയല്ലയെന്നും എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് ജനങ്ങൾക്ക് പൂർണ്ണമായും പ്രയോജനപ്രദമാകുമായിരുന്നുവെന്നും എന്നാൽ കിഴ്ക്കാംതൂക്കായ പ്രദേശമായതിനാൽ മണ്ണിടിച്ചിലും മറ്റും സാധാരണമായ ഇടുക്കി മേഖലയിൽ നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ അത് ടിയാന്റെ ബാധ്യത അല്ലയെന്നും പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചതോ, തുടർന്ന് നിർവഹണം നടത്തിയതോ M-Book-ൽ അളവ് രേഖപ്പെടുത്തിയിട്ടുള്ളതോ ഒന്നും ടിയാന്റെ കാലയളവിലല്ലയെന്നും ഇക്കാലയളവിൽ ശ്രീ.അയ്യപ്പൻ കെ.കെ. അസിസ്റ്റന്റ് എഞ്ചിനീയറും, ശ്രീ.പി.യു.അഹമ്മദ് കബീർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് ജോലി ചെയ്തിരുന്നതെന്നും ടിയാൻ കാരണം യാതൊരു വീഴ്ചയും സാമ്പത്തിക നഷ്ടവും സർക്കാരിനോ പൊതുജനങ്ങൾക്കോ ഉണ്ടായിട്ടില്ലെന്നും പെൻഷൻ ആനുകൂല്യങ്ങൾ വൈകിയതിലൂടെ ടിയാൾ വൻസാമ്പത്തികനഷ്ടവും മാനസിക പീഡനവും ഇതിനോടകം അനുഭവിച്ചു കഴിഞ്ഞുവെന്നും അറിയിച്ചു.

**കാരണം കാണിയ്ക്കൽ നോട്ടീസിന് ശ്രീ.പി.ബി. പ്രമോദ്** സമർപ്പിച്ച മറുപടിയിൽ 24/06/2013 മുതൽ 18/07/2016 വരെ എൽ.എസ്.ജി.ഡിവിഷൻ ഇടുക്കിയിൽ ജോലി ചെയ്തിട്ടുണ്ടെന്നും ടി കാലയളവിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ഉപ്പുതോട് കരിക്കിൻമേട് റോഡിന്റെ (RIDF XXI HADA 2014 - 15) ഉദ്ധാരണത്തിന് 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നുവെന്നും ടി കാലയളവിൽ മേൽ പറഞ്ഞ റോഡിന്റെ നിർവ്വഹണം നടത്തിയിട്ടില്ലായെന്നും റോഡിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം, റോഡ് ഫോർമേഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഹൈറേഞ്ച് പോലുള്ള സ്ഥലങ്ങളിൽ ആദ്യം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ നിന്ന് വ്യതിയാനം സംഭവിക്കുന്നത് സ്വാഭാവികമാണെന്നും അസിസ്റ്റന്റ് എൻജിനീയർ ശ്രീ.അയ്യപ്പൻ കെ.കെ.-യുടെ മേൽനോട്ടത്തിലാണ് ടി പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും 2018-ൽ മികച്ച എൻജിനീയർക്കുള്ള അവാർഡ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ പക്കൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെന്നും സ്വന്തമായി യാത്രചെയ്യാൻ പോലും പറ്റാത്തവിധത്തിലുള്ള അസുഖത്തിന് അടിമയാണെന്നും പെൻഷൻ, കമ്മ്യൂട്ടേഷൻ, ഗ്രാറ്റിവിറ്റി മുതലായവ ലഭിച്ചിട്ടില്ലയെന്നും തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

നടപടിക്രമങ്ങളുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുകയും ആയതിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർ പ്പിച്ച റിപ്പോർ ട്ടിൽ കരിക്കിൻമേട് റോഡ് (പെരുമ്പിള്ളിപ്പടി-കരിക്കിൻ മേട്-അമ്പലപ്പടി റോഡ്) നിർമാണത്തിന്റെ ഫയൽ, സ്ഥലം എന്നിവ പരിശോധിച്ചതിൽ നിന്നും ടി നിർമാണപ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലോ നടപ്പാക്കിയതിലോ ഗുരുതരമായ യാതൊരു ക്രമക്കേടും നടന്നിട്ടില്ലെന്നും ആയതുവഴി പ്രവൃത്തിനടപ്പാക്കിയ ഉദ്യോഗസ്ഥർക്കോ കാരാറുകാരനോ സാമ്പത്തികനേട്ടം ഉണ്ടായിട്ടില്ലായെന്നും സർക്കാരിന് യാതൊരു വിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്നും കൂടാതെ ടി പ്രദേശത്തിന്റ ഭൂപ്രകൃതി, മണ്ണ്, പാറയുടെ ഘടന, നീരൊഴുക്ക്, കുത്തനെയുള്ള ചെരിവ് എന്നിവ പരിഗണിച്ചാൽ ടി തുകയ്ക്ക് 1.30 കി.മീ റോഡ് നിർമിക്കാൻ യാതൊരു വിധത്തിലും കഴിയില്ലെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും സൈറ്റ് പ്ലാൻ രേഖപ്പെടുത്തലുകളിലും ചില വ്യക്തതക്കുറവ് വന്നു എന്നതിലുപരി മറ്റുസാങ്കേതിക പിഴവുകളൊന്നും വന്നിട്ടില്ലെന്നും റിപ്പോർട്ടിൽ ആകെ നീളത്തിന്റെ എത്രഭാഗം റോഡ് പൂർണമായി ഫോർമേഷൻ നടത്തുന്നുണ്ട് എന്ന് സൂചിപ്പിക്കുന്നതിനും ആയത് സൈറ്റ് പ്ലാനിൽ ചെയിനേജ് മാർക്ക് ചെയ്യുന്നതിനും വിട്ടുപോയിട്ടുള്ളതും ആയത് ആരോപണങ്ങൾക്കും തെറ്റിദ്ധാരണക്കും ഇടയാക്കിയിട്ടുള്ളതുമാണെന്നും പ്രവൃത്തി സ്ഥലം പരിശോധിച്ചതിൽ, 35 ലക്ഷം രൂപ ചിലവ് വരുന്ന പ്രവർത്തികൾ ടി റോഡിൽ ചെയ്തിട്ടുണ്ടെന്നും ഈ റോഡ് 2018, 2019 തുടങ്ങിയ കാലങ്ങളിലുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും കേടുപാടുകൾ സംഭവിക്കാതെ നിലനിൽക്കുന്നുവെന്നും, എർത്ത് വർക്കിലും കല്ലുകെട്ടിലും അധിക പ്രവർത്തി ചെയ്തിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ പരാമർശിച്ചിരുന്ന അളവിനുള്ള തുക മാത്രമാണ് ബില്ലിൽ അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി എന്നതിന് ശ്രീ ആർ.സോമരാജനെതിരെ നൽകിയിട്ടുള്ള കുറ്റപത്രത്തിൽ നിന്നും നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും കൂടാതെ ആരോപണ വിധേയനായ അസ്സിസ്റ്റന്റ് എഞ്ചിനീയർ ശ്രീ പി.ബി.പ്രോമോദ് 09/07/2025-ൽ മരണപ്പെട്ടിട്ടുണ്ടെന്നും പരാമർശം 9 പ്രകാരം എൻക്വയറി ഓഫീസർ അറിയിച്ചു.

നടപടിക്രമങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ ആർ.സോമരാജനെ വകുപ്പ് അണ്ടർസെക്രട്ടറി **20.11.2025-ൽ നേരിൽ കേട്ടു.** പരാതിക്കാസ്പദമായ റോഡിന്റെ നിർമ്മാണത്തിൽ യാതൊരു പങ്കുമില്ല എന്നും ആയതിന്റെ എസ്റ്റിമേറ്റ് മരണപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ബി.പ്രമോദ് തയ്യാറാക്കിയത് പരിശോധിച്ച് സാങ്കേതികാനുമതി അനുവദിക്കുക മാത്രമാണ് ചെയ്തതെന്നും, പ്രസ്തുത കാലയളവിൽ ടിയാൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികചാർജ് നൽകിയിരുന്നതിനാൽ, 56 പഞ്ചായത്തുകളുടെ ചുമതലയുണ്ടായിരുന്നുവെന്നും, ആയതിനാൽ ഇടുക്കി പോലെയുള്ള പ്രദേശത്തെ എല്ലാ Site-കളും പോയി പരിശോധിക്കുന്നത് പ്രായോഗികമല്ലായിരുന്നുവെന്നും, 1.30 കി.മീ. ദൂരം റോഡ് പൂർത്തീകരിച്ചാൽ 4.50 കി.മീ യാത്ര ലാഭിക്കാവുന്ന ക്രോസ് റോഡാണിതെന്നും 35 ലക്ഷം അനുവദിച്ചതിൻ പ്രകാരം 8 മീറ്റർ വീതിയിൽ റീട്ടെയിനിംഗ് വാൾ കെട്ടി റോഡ് ഫോം ചെയ്തെടുത്ത് ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന പ്രതീക്ഷയിലാണ് സാങ്കേതികാനുമതി നൽകിയതെന്നും തുടർന്ന് നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ

അത് ടിയാന്റെ ബാധ്യത അല്ലയെന്നും പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചതോ, തുടർന്ന് നിർവഹണം നടത്തിയതോ M-Book-ൽ അളവ് രേഖപ്പെടുത്തിയതോ ഒന്നും ടിയാന്റെ കാലയളവിലല്ലയെന്നും പ്രവൃത്തി execute ചെയ്തവർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടതെന്നും ടിയാൻ ഹിയറിംഗ് വേളയിൽ ടിയാൻ അറിയിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2014-15 വർഷത്തെ NABARD RIDF XXI (HADA) പ്രകാരം വിഭാവനം ചെയ്ത ടി പദ്ധതിയ്ക്കായി 19/11/2016-ൽ agreement വെയ്ക്കുകയും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയ മരണപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ബി.പ്രമോദ് 24/06/2013 മുതൽ 18/07/2016 വരെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. സോമരാജൻ 05/11/2012 മുതൽ 23/09/2016 വരെയുമാണ് പ്രസ്തുത സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചിരുന്നത്. ടി പ്രവൃത്തിയുടെ നിർവ്വഹണ മേൽനോട്ടം വഹിച്ചത് ടിയാൾക്കാരല്ല എന്നും, കരിക്കിൻമേട് റോഡ് (പെരുമ്പള്ളിപടി-കരിക്കിൻമേട്-ആലപ്പി റോഡ്) നിർമ്മാണത്തിന്റെ ഫയൽ പരിശോധിച്ചതിൽ നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലോ, നടപ്പാക്കിയതിലോ ഗുരുതരമായ യാതൊരു ക്രമക്കേടും നടന്നിട്ടില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പത്രവാർത്തയിൽ വന്ന പരാതി, പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാക്കിയതിനെ സംബന്ധിച്ചാണ്. സാങ്കേതികാനുമതി നൽകിയതോ എസ്റ്റിമേറ്റ് തയ്യാറാക്കിയതോ സംബന്ധിച്ചല്ല. ശ്രീ.ആർ.സോമരാജൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല വഹിച്ചിരുന്നപ്പോൾ (2014-15 വർഷത്തിൽ) നൽകിയതായ സാങ്കേതികാനുമതിയ്ക്ക്, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പിലും ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ, 31/01/2022-ൽ വിരമിച്ചശേഷം ചട്ടം 3(a) പ്രകാരമുള്ള ശിക്ഷ നൽകുന്നത് ഉചിതമല്ലെന്ന് കാണുന്നു. 09.07.2025-ൽ മുൻ അസി.എഞ്ചിനീയർ ശ്രീ.പ്രമോദ് പി.ബി മരിച്ചുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഉപ്പുതോട് കരിക്കിൻമേട് റോഡ് (പെരുമ്പള്ളിപ്പടി-കരിക്കിൻ മേട്-അമ്പലപ്പടി റോഡ്) നിർമ്മാണം സംബന്ധിച്ചുള്ള എൽ.എസ്.ജി.ഡി. ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്നുകണ്ട് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ പ്രമോദ് പി.ബി(09.07.2025-ൽമരിച്ചു), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (Rtd) ശ്രീ.ആർ.സോമരാജൻ എന്നിവർക്കെതിരെ സർവീസിൽ നിന്ന് വിരമിച്ച ശേഷവും സ്വീകരിച്ചുവന്ന അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ആർ.സോമരാജൻ (PEN:483076), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (Rtd) **(തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

2. ശ്രീമതി ജയസുമ G, (W/o. Late പി.ബി.പ്രമോദ്(PEN:455084) അസിസ്റ്റന്റ് എഞ്ചിനീയർ), പൊതനശ്ശേരിയിൽ ഹൗസ്, വണ്ണപ്പുറം PO. PIN: 685607 Ph.9447590042 **(തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവിനെത്തുടർന്നുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിനായി)**
4. പൊതുമരാമത്ത് (എഫ്) വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 10.7.2018-ലെ പൊ.മ.വ - എഫ്1/193/2018/പൊമവ നമ്പർ കുറിപ്പ് പ്രകാരം.)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള, തൃശ്ശൂർ.
6. തദ്ദേശ സ്വയംഭരണ(EWB)വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (EW4/10/2018-LSGD).

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 02-02-2026 13:32:40
സെക്ഷൻ ഓഫീസർ